B

6001

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# വാർഷിക മൂല്യനിർണയം 2015-2016
## കല, പ്രവൃത്തി, ആരോഗ്യ-കായിക വിദ്യാഭ്യാസം

ക്ലാസ്സ് VI — സമയം: 2 മണിക്കൂർ

**പൊതുനിർദ്ദേശങ്ങൾ :**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ്15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. **കലാപഠനവുമായി ബന്ധപ്പെട്ട് നാല് മേഖലകളിലായി ചോദ്യങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ നിങ്ങൾക്ക് താൽപര്യമുള്ള ഒരു മേഖല തെരഞ്ഞെടുത്ത് അതിൽ ഉൾപ്പെട്ട ചോദ്യങ്ങൾക്കുമാത്രം ഉത്തരങ്ങൾ എഴുതിയാൽ മതിയാകും.**
3. പ്രവൃത്തിപഠനം, ആരോഗ്യ-കായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
4. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളണം.
5. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും.

---

**വിഭാഗം- 1 കലാപഠനം**

**(A) ചിത്രരചന**

1. ചിത്രങ്ങൾക്ക് നിറം നൽകാൻ ഉപയോഗിക്കുന്ന വിവിധ മാധ്യമങ്ങൾ ഏതെല്ലാം? (3 എണ്ണം എഴുതുക).
2. ശില്പനിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്ന 3 വസ്തുക്കളുടെ പേര് എഴുതുക ?

**(B) സംഗീതം**

1. ദിനാചരണവുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള പാട്ടുകൾ ( ഉദാ: പ്രവേശനോത്സവഗാനം) നിങ്ങൾ പാടിയിട്ടുണ്ട്.ഇതുപോലെ വിശേഷദിവസങ്ങളുമായി ബന്ധപ്പെട്ട് പാടുന്ന പാട്ടുകൾ എഴുതുക - അഞ്ച് എണ്ണം. ( ഉദാ: ശിശുദിനം)
2. താഴെ കൊടുത്തിരിക്കുന്ന ദേശഭക്തിഗാനത്തിന്റെ രചയിതാവിനെ തെരഞ്ഞെടുത്ത് എഴുതുക. "പോരാ പോരാ നാളിൽ നാളിൽ
   ദൂരദൂര മുയരട്ടെ
   ഭാരതക്ഷ്മാ ദേവിയുടെ
   തൃപ്പതാകകൾ ".....

   (മഹാകവി പി.കുഞ്ഞിരാമൻനായർ, ഒ എൻ വി കുറുപ്പ്, മഹാകവി ഉള്ളൂർ എസ് പരമേശ്വരയ്യർ,മഹാകവി വള്ളത്തോൾ നാരായണമേനോൻ)
3. വീണ, ചെണ്ട, ഓടക്കുഴൽ, ഇലത്താളം, തബല, ചേങ്ങില, വയലിൻ, ഇടയ്ക്ക ഇവയെ തരംതിരിക്കുക. (സുഷിര, തന്ത്രി, തുകൽ, ഘനം (ലോഹം)).

## (C) നൃത്തം

1. നാട്യശാസ്ത്രം രചിച്ചതാര് ? (2)
2. ഏതെങ്കിലും മൂന്ന് അസംയുക്ത മുദ്രകൾ (ഒറ്റക്കൈമുദ്രകൾ) എഴുതുക ? (3)
3. കഥകളിയിലെ വേഷവിധാനങ്ങൾ ഏതെല്ലാം ?

## (D) നാടകം

1. അച്ഛൻ സദാസമയവും തോപ്പിലായിരുന്നു. മൊട്ടക്കുന്ന് ജ്വലിക്കുന്ന വെയിലിൽ നിന്നു രക്ഷനേടി, പച്ചതെങ്ങുകളുടെ പന്തലിൽ വിശ്രമിച്ചു. തെങ്ങിന് തീറ്റ നല്കാൻ അച്ഛൻ അമ്മയുടെ പണ്ടങ്ങൾ പണയം വച്ചു, വിറ്റു. നിറഞ്ഞു മുറ്റിയ കുലകൾ നോക്കി, മെല്ലെ മെല്ലെ മിഴികൾ താഴ്ത്തി. പതുക്കെ ചുമര് പിടിച്ച് പിടിച്ച് അകത്തെ മുറിയിലേക്ക് കയറിപ്പോയി. . . . .. . . . . . ഈ കർഷകന്റെ കഥാപാത്രത്തെ അഭിനയിക്കുന്ന നടന് എന്തെല്ലാം അഭിനയസാധ്യതകൾ ഉണ്ട്. തെങ്ങിൻതോപ്പിലെ അയാളുടെ ചെയ്തികൾ സൂചിപ്പിക്കുക.
2. അധ്യാപിക കുട്ടികളോട് കണ്ണടച്ച് നിശബ്ദരായി ചുറ്റിനുമുള്ള ശബ്ദങ്ങൾ ശ്രദ്ധിക്കാൻ പറഞ്ഞു. ഈ പ്രവർത്തനം നാടകാഭിനയത്തിന് ആവശ്യമാണോ എന്തുകൊണ്ട് ?

## വിഭാഗം 2 പ്രവൃത്തിപഠനം

1. പുഴമലിനീകരണം തടയാനുള്ള മാർഗങ്ങൾ ഏവ?
2. വെജിറ്റബിൾ സലാഡ് നിർമാണരീതി വിവരിക്കുക

## വിഭാഗം 3 ആരോഗ്യകായികം

1. **താഴെക്കൊടുത്തിരിക്കുന്ന കളികളിൽ 'ഹെൽമറ്റ് 'എന്ന സുരക്ഷാ ഉപകരണം ഉപയോഗിക്കുന്ന കായിക ഇനം ഏതാണ്?**

   എ) ഫുട്ബോൾ ബി) ബാസ്ക്കറ്റ്ബാൾ സി) കബഡി ഡി) ക്രിക്കറ്റ്

2. **അംഗപരിമിതർക്കായുള്ള വാർഷിക കായിക മത്സരത്തിന്റെ പേര് എന്താണ്?**

   എ) പാരാലിംപിക്സ് ബി) ശൈത്യകാല ഒളിമ്പിക്സ്

   സി) വേനൽക്കാല ഒളിമ്പിക്സ് ഡി) ഡ്വാർഫ് ഗെയിംസ്

**വിശദീകരിച്ചെഴുതുക.**

3. **സ്പോർട്സിലൂടെ കൈവരിക്കുന്ന സാമൂഹ്യ ഗുണങ്ങൾ ചുവടെ നൽകിയിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് വിശദീകരിക്കുക ?** (6)

   (കൂട്ടായ്മ, പരസ്പരം സഹായിക്കൽ, പരസ്പരം അംഗീകരിക്കൽ, നിയമം അനുസരിക്കൽ)